# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം
2014 ജൂൺ 19, വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ 339)

| മറുപടി നൽകുന്ന മന്ത്രിമാർ | | ചോദ്യനമ്പർ |
|---|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | 2632 മുതൽ 2760 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | 2761 മുതൽ 2856 വരെ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | 2857 മുതൽ 2909 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | 2910 മുതൽ 2970 വരെ |

## സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ

2632 ശ്രീ. എൻ. ഷംസുദ്ദീൻ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, റ്റി. എ. അഹമ്മദ് കബീർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കാലവർഷാരംഭത്തിനു മുമ്പ് മദ്ധ്യവേനലവധിക്കു ശേഷം സ്കൂളുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂൾ കെട്ടിടങ്ങളുടെ പരിശോധന നടത്തി കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) പരിശോധനയിൽ സുരക്ഷിതമല്ലാത്ത കെട്ടിടങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>പത്താംതരം തുല്യത പ്രവേശന നടപടികൾ</u>

2633 ശ്രീ. പി. തിലോത്തമൻ
,, കെ. അജിത്
ശ്രീമതി. ഗീതാഗോപി
ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്താംതരം തുല്യത പ്രവേശന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രവേശന നടപടികൾ വൈകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ വർഷം പത്താം തരത്തിൽ എത്രപേർ രജിസ്റ്റർ ചെയ്തു; നിലവിലുള്ള പഠിതാക്കൾക്ക് യഥാസമയം പാഠപുസ്തകങ്ങളും മറ്റും ലഭിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആദിവാസികളിൽ സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള അതുല്യം രണ്ടാംഘട്ട പദ്ധതി വിജയകരമായി നടത്താൻ കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുല്യം പദ്ധതി നിറുത്തി വയ്ക്കാനുദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>പ്രൈമറി സ്കൂളുകളിലെ ഭാഷാപഠനം</u>

2634 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൈമറി സ്കൂളുകളിൽ അറബി, സംസ്കൃതം, ഉറുദു, ഹിന്ദി എന്നിവ ഏത് ക്ലാസ്സ് മുതലാണ് പഠിപ്പിച്ച് തുടങ്ങുന്നത്;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇവ പഠിപ്പിച്ച് തുടങ്ങുന്നതിനുള്ള ക്ലാസ്സുകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>സര്‍വ്വശിക്ഷാ അഭിയാന്‍</u>

2635 ശ്രീ. പി. സി. ജോര്‍ജ്
ഡോ. എന്‍. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിന്‍
,, എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിദ്യാഭ്യാസ മേഖലയില്‍ ഈ സര്‍ക്കാര്‍ അധികാരത്തില്‍വന്നതിനുശേഷം നടപ്പാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങള്‍ നല്‍കുമോ;

(ബി) നടപ്പു സാമ്പത്തിക വര്‍ഷം സര്‍വ്വശിക്ഷാ അഭിയാന്‍ പദ്ധതിയിലൂടെ ഈ രംഗത്ത് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(സി) സംസ്ഥാനത്ത് അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം നേരിടുന്ന സര്‍ക്കാര്‍ സ്ക്കൂളുകളുടെ സൗകര്യങ്ങള്‍ മെച്ചപ്പെടുത്തുന്നതിന് മിഷന്‍ 676-ല്‍ ഉള്‍പ്പെടുത്തി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വകുപ്പിൽ സേവനാവകാശ നിയമം നടപ്പാക്കൽ</u>

2636 ശ്രീ. വി. ഡി. സതീശൻ
,, പാലോട് രവി
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിയമം വഴി എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇതിനെക്കുറിച്ച് വ്യാപകമായ പ്രചരണം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>വിദ്യാലയങ്ങളിൽ മലയാള ഭാഷാ പഠനം നിർബന്ധമാക്കൽ</u>

2637 ശ്രീ. ജോസഫ് വാഴക്കൻ
,, ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ മലയാള ഭാഷാപഠനം നിർബന്ധമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഈ ഉത്തരവ് സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) മലയാളം മാതൃഭാഷയല്ലാത്ത കുട്ടികൾക്ക് മലയാളം ഭാഷ പഠിക്കുവാൻ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇതിനായി സ്കൂളുകളിലെ പീരിയഡുകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>സ്ക്കൂള്‍ പ്രവേശന രജിസ്റ്ററിലെ അപാകതകള്‍</u>

2638 ശ്രീ. സണ്ണി ജോസഫ്
,, ഡൊമിനിക് പ്രസന്റേഷന്‍
,, ആര്‍. സെല്‍വരാജ്
,, അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്ക്കൂള്‍ പ്രവേശന രജിസ്റ്ററിലെ തെറ്റുകള്‍ തിരുത്തുന്നതിന് ഹെഡ്മാസ്റ്റര്‍മാര്‍ക്ക് അധികാരം നല്‍കിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യം എന്തെല്ലാമാണ് വിശദമാക്കാമോ;

(സി) ഏതെല്ലാം വിവരങ്ങള്‍ തിരുത്തുന്നതിനാണ് അധികാരം നല്‍കിയിട്ടുളളത് വിശദമാക്കുമോ;

(ഡി) ഇതിനായി ഏതെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത്;

(ഇ) ഇത് സംബന്ധിച്ച വ്യവസ്ഥകള്‍ കെ. ഇ. ആര്‍-ല്‍ ഉള്‍പ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം</u>

2639 ശ്രീ. റ്റി. എൻ പ്രതാപൻ
,, ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, എ.റ്റി ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ ഇളവ് വരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത അനുപാതത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത അനുപാതം ഏത് അദ്ധ്യയന വർഷം മുതലാണ് പ്രാബല്യത്തിൽ വന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>ഹയർസെക്കന്ററി പാഠപുസ്തകങ്ങളുടെ പരിഷ്ക്കരണം</u>

2640 ശ്രീ. ടി. എൻ. പ്രതാപൻ
,, വർക്കല കഹാർ
,, ഹൈബി ഈഡൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച് കരിക്കുലം കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പാഠപുസ്തകങ്ങൾ തയ്യാറാക്കിയത് ആരാണെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ പാഠപുസ്തകങ്ങൾ എന്ന് മുതലാണ് പ്രാബല്യത്തിൽ വരുത്താനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>സി.ബി.എസ്.സി, ഐ.സി.എസ്. ഇ. സർട്ടിഫിക്കറ്റുകളിൽ ജാതി രേഖപ്പെടുത്തൽ</u>

2641 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സി.ബി.എസ്.സി, ഐ.സി.എസ്.ഇ. സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) സി.ബി.എസ്.സി, ഐ.സി.എസ്.ഇ. 10-ാം ക്ലാസിൽ നൽകുന്ന സർട്ടിഫിക്കറ്റിൽ കുട്ടികളുടെ ജാതി രേഖപ്പെടുത്തുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സി.ബി.എസ്.സി, ഐ.സി.എസ്.ഇ. സർട്ടിഫിക്കറ്റിൽ ജാതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് റിസർവേഷൻ ആനുകൂല്യം ലഭിക്കുന്നതിനായുള്ള ജാതിസർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ;

(ഡി) സി.ബി.എസ്.സി, ഐ.സി.എസ്.ഇ. സർട്ടിഫിക്കറ്റുകളിൽ ജാതി രേഖപ്പെടുത്താൻ നിർദ്ദേശം നൽകാൻ ആവശ്യപ്പെട്ട് കേന്ദ്ര ഗവൺമെന്റിനെ അടിയന്തരമായി സമീപിക്കുമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>സർക്കാർ എയ്ഡഡ് സ്കൂളുകളിലെ ഒന്നാം ക്ലാസ് പ്രവേശനം</u>

2642 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014-15 അദ്ധ്യയന വർഷം സംസ്ഥാനത്തെ സർക്കാർ -എയ്ഡഡ് സ്കൂളുകളിലായി 1-ാം ക്ലാസ്സിൽ എത്ര പേർക്ക് അഡ്മിഷൻ ലഭിച്ചിട്ടുണ്ട്;

(ബി) ഓരോവർഷവും സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ അഡ്മിഷൻ നേടുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നതിന്റെ കാരണം എന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) സാധാരണക്കാരായ കുട്ടികൾക്ക് ആശ്രയിക്കാവുന്ന പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>സ്കൂളുകൾ അപ്ഗ്രേഡ്ചെയ്യുന്നതിന് വേണ്ട നടപടിക്രമങ്ങൾ</u>

2643 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര എൽ.പി. സ്കൂളുകൾ യു.പി. സ്കൂളായും, യു.പി. സ്കൂൾ ഹൈസ്കൂളായും അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസ അവകാശ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഇക്കാര്യത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുമ്പോൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അഭിപ്രായം ആരായാറുണ്ടോ എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>സ്കൂള്‍ കോളേജ് തലത്തില്‍ അഡീഷണല്‍ സ്കില്‍ പ്രോഗ്രാമുകള്‍</u>

2644 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുട്ടികളുടെ അഭിരുചി സ്കൂള്‍ തലത്തില്‍ തന്നെ കണ്ടെത്തുന്നതിനും തൊഴില്‍ ലഭ്യത ഉറപ്പ് വരുത്തുന്നതിനും സ്കൂള്‍ കോളേജ് തലത്തില്‍ അഡീഷണല്‍ സ്കില്‍ പ്രോഗ്രാമുകള്‍ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രോഗ്രാമുകളുടെ വിശദാംശങ്ങള്‍ വ്യക്തമാക്കുമോ;

(സി) മെഡിക്കല്‍, എഞ്ചിനീയറിംഗ്, സിവില്‍ സര്‍വ്വീസ് എന്നിവയ്ക്കുള്ള പരിശീലനം സ്കൂള്‍ തലത്തില്‍ തന്നെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>സർക്കാർ സ്കൂളുകളിൽ നിന്നുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക്</u>

2645 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ നിന്നും എയ്ഡഡ് സ്കൂളുകളിലയ്ക്കുള്ള കുട്ടികളുടെ അനിയന്ത്രിതമായ കൊഴിഞ്ഞുപോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ;

(സി) അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതയാണ് ഇത്തരം കൊഴിഞ്ഞുപോക്ക് ത്വരിതപ്പെടുത്തുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>ആധാർ മുഖേനയുള്ള വിദ്യാർത്ഥികളുടെ കണക്കെടുപ്പ്</u>

2646 ശ്രീ കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യു. ഐ. ഡി. യായ ആധാർ വഴിയുള്ള സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ;

(ബി) ആധാർ വഴിയുള്ള കണക്കെടുപ്പ് ശാസ്ത്രീയവും കുറ്റമറ്റതുമാണെന്ന് കരുതുന്നുണ്ടോ; കണക്കെടുപ്പിലൂടെ ലഭ്യമായ വിവരങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ആധാർ കണക്കെടുപ്പ് പൂർത്തിയായപ്പോൾ ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ആകെ എത്ര;

(ഡി) ഗവൺമെന്റ് സ്കൂളുകളിൽ പഠിക്കുന്നവർ എത്ര; എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർ എത്ര; മറ്റുള്ളവർ എത്ര;

(ഇ) ഇതിന്റെയടിസ്ഥാനത്തിൽ കണക്കാക്കപ്പെട്ട അൺ എക്കണോമിക് സ്കൂളുകൾ എത്ര; സർക്കാർ/എയ്ഡഡ് തിരിച്ച് വിശദമാക്കാമോ;

(എഫ്) ഇതിന്റെയടിസ്ഥാനത്തിൽ എത്ര അധ്യാപക തസ്തികകൾ കൂടുതലായിട്ടുള്ളതായി കണ്ടെത്തി എന്ന വിവരം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ഐ. ടി. അറ്റ് സ്കൂൾ പ്രോഗ്രാം

2647 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ടി. അറ്റ് സ്കൂൾ പ്രോഗ്രാം നടപ്പിലാക്കുന്നതിനായി വകുപ്പ് തലത്തിൽ വിതരണം ചെയ്ത കംമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും കണക്ക് വിദ്യാഭ്യാസ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രോഗ്രാമിനായി ഉപയുക്തമാക്കുന്ന ഓപ്പൺ സോഫ്റ്റ്വെയറുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഐ. ടി @ സ്കൂൾ പ്രോഗ്രാമിനുവേണ്ടി ട്രയിനിംഗ് ലഭിച്ച അദ്ധ്യാപകരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഐ. ടി @ സ്കൂൾ പ്രോഗ്രാമിന്റെ സിലബസ് പ്രസിദ്ധപ്പെടുത്തുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>സാധാരണക്കാരായ കുട്ടികൾക്ക് ഐ.ടി. പഠനം</u>

2648 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.ടി. പഠനം സാധാരണക്കാരായ കുട്ടികൾക്ക് ലഭിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ:

(ബി) സംസ്ഥാനത്തെ എയിഡഡ്/സർക്കാർ വിദ്യാലയങ്ങളിൽ ധാരാളം കമ്പ്യൂട്ടറുളുടെ നിസ്സാരമായ തകരാറുകൾ കാരണം കുട്ടികളുടെ ഐ.ടി. പഠനം മുടങ്ങുന്നു എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) തകരാറിലായ കമ്പ്യൂട്ടറുകൾ റിപ്പയർ ചെയ്യുന്നതിന് അടിയന്തര നടപടികൾ സമയബന്ധിതമായി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ ഏതെല്ലാം അസംബ്ലി മണ്ഡലങ്ങളിൽ മുഴുവൻ സ്കൂളുകളും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമായ കമ്പ്യൂട്ടർ ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>സർക്കാർ സ്കൂളുകളിൽ ഇന്റർനെറ്റ് സംവിധാനം</u>

2649 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ വിവരവിനിമയ സാങ്കേതിക വിദ്യാ പദ്ധതികൾ നടപ്പിലാക്കുവാൻ കാര്യക്ഷമമായ ഏതെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ;

(ബി) എല്ലാ സർക്കാർ എൽ. പി. യു. പി. സ്കൂളുകൾക്കും ഹൈസ്കൂളുകൾക്കും ഇന്റർനെറ്റ് കണക്ഷനോടുകൂടിയതും പ്രിന്ററുകൾ ഉൾപ്പെടെയുള്ളതുമായ കമ്പ്യൂട്ടറുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) എല്ലാ യു. പി. സ്കൂളുകളിലും ഹൈസ്കൂളുകളിലും സ്മാർട്ട് ക്ലാസ്സ്റൂമുകൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>ആർ.എം.എസ്.എ. സ്കൂളുകളിലെ അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാരുടെ തസ്തിക</u>

2650 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ. (രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ) സ്കൂളുകളിൽ അദ്ധ്യാപകരുടേയും ജീവനക്കാരുടേയും എണ്ണം പരിമിതപ്പെടുത്തിക്കൊണ്ട് ആർ.എം.എസ്.എ ഡയറക്ടർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) അഞ്ച് അദ്ധ്യാപകർ, ഒരു പ്രധാനാദ്ധ്യപകൻ, ഒരു ഓഫീസ് സ്റ്റാഫ് ഇവ മാത്രമേ അനുവദിക്കൂ എന്ന നിർദ്ദേശം ഇത്തരം സ്കൂളുകളിൽ ബുദ്ധിമുട്ടുണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ ആരംഭിച്ച മിക്ക സ്കൂളുകളിലും കുട്ടികളുടെ എണ്ണം വളരെ കൂടുതലായതിനാൽ കുട്ടികളുടെ എണ്ണത്തിന് അനുസരിച്ചുള്ള തസ്തിക അനുവദിക്കാത്തത് ക്ലാസ്സ് കൈകാര്യം ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കുട്ടികളുടെ എണ്ണത്തിന് അനുസരിച്ചുള്ള തസ്തിക അനുവദിച്ച് ഇത്തരം സ്കൂളുകളിലെ പഠനം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിൽ അപ്ഗ്രേഡ് ചെയ്ത സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം</u>

2651 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ. എം. എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ ഏതെല്ലാം സ്കൂളുകളാണ് അപ്ഗ്രേഡ് ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ സ്കൂളുകളും എന്നാണ് ഇത്തരത്തിൽ അപ്ഗ്രേഡ് ചെയ്തിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ആർ.എം.എസ്.എ, എസ്.എസ്.എ, ആർ.യു.എസ്.എ. ഫണ്ടുകളുടെ വിശദവിവരം

2652 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13, 2013-14 വർഷങ്ങളിൽ ആർ.എം.എസ്.എ., എസ്.എസ്.എ., ആർ.യു.എസ്.എ. എന്നീ പദ്ധതികളിൽ വിദ്യാഭ്യാസ വകുപ്പിന് കേന്ദ്ര സർക്കാരിൽ നിന്നും എത്ര കോടി രൂപ ലഭിച്ചുവെന്ന് വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ ഓരോ ഇനത്തിലും എത്ര രൂപ ചെലവഴിച്ചുവെന്ന് ജില്ലകൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ കാലയളവിൽ പ്രസ്തുത ഫണ്ടുകളിൽ നിന്നും എത്ര കോടി രൂപ ചെലവഴിക്കാതെ നഷ്ടമായി എന്ന് വ്യക്തമാക്കുമോ; ഇതിനുള്ള കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>എസ്.എസ്.എൽ.സി., പ്ലസ്ടു എന്നിവയുടെ ഡൗൺലോഡ് ചെയ്ത സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യൽ</u>

2653 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻട്രൻസ് ഉൾപ്പെടെയുള്ള പരീക്ഷകളുടെ അപേക്ഷകർക്ക് എസ്.എസ്.എൽ.സി., പ്ലസ്ടു എന്നിവയുടെ ഡൗൺലോഡ് ചെയ്ത മാർക്ക് ലിസ്റ്റ് പകർപ്പുകളിന്മേൽ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധന വെച്ചത് വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി ഇത്തരം അപേക്ഷയോടൊപ്പം നൽകിയാൽ മതിയെന്ന വ്യവസ്ഥ നടപ്പിലാക്കാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>പത്താം ക്ലാസ്സിൽ നൂറു ശതമാനം വിജയത്തിനായി ഒൻപതാം ക്ലാസ്സിൽ തോൽപ്പിക്കൽ</u>

2654 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യത്തിന്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പത്താം ക്ലാസ്സിൽ നൂറ് ശതമാനം വിജയം കൈവരിക്കുന്നതിന് ഒൻപതാം ക്ലാസ്സിൽ വിദ്യാർത്ഥികളെ തോൽപ്പിക്കുന്നു എന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സ്കൂളിനെതിരെ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>ബസവേശ്വരന്റെയും ശുഭാനന്ദ ഗുരുവിന്റെയും ജീവിതം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തൽ</u>

2655 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സാമൂഹ്യപരിഷ്കർത്താക്കളായ ബസവേശ്വരന്റെയും ശുഭാനന്ദ ഗുരുദേവന്റെയും ജീവിതം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

**<u>കോഴിക്കോട് ജില്ലയിലെ ഹയർസെക്കന്ററി സ്കൂളുകളിൽ അഡീഷണൽ ബാച്ചുകൾ അനുവദിക്കൽ</u>**

2656 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നിന്നും അഡീഷണൽ ബാച്ച് ലഭിക്കുന്നതിനായി ഏതെല്ലാം സ്കൂളുകളിൽ നിന്നും അപേക്ഷ ലഭിച്ചു; വിശദമാക്കാമോ; അപേക്ഷിച്ചിട്ടുള്ള അഡീഷണൽ ബാച്ചുകളുടെ വിശദാംശം, സ്കൂളുകളുടെ പേര് വിവരം എന്നിവ സഹിതം വിശദമായി വ്യക്തമാക്കാമോ;

(ബി) ഈ സ്കൂളുകളിൽ എവിടെയെല്ലാം അഡീഷണൽ ബാച്ചുകൾ അനുവദിച്ചു; വിശദമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

വിദ്യാഭ്യാസ സ്ഥാപനങ്ങളെ തരംതിരിച്ചതിനുള്ള മാനദണ്ഡം

2657 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആദായകരമെന്നും അല്ലാത്തതെന്നും വിദ്യാഭ്യാസ വകുപ്പ് തരംതിരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ 'ആദായം' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്തെന്നു വിശദമാക്കുമോ;

(സി) ഇങ്ങനെ തരംതിരിക്കപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>പ്ലസ് വൺ പ്രവേശന നടപടികൾ പൂർത്തിയാകാത്തതിന്റെ കാരണങ്ങൾ</u>

2658 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എസ്.എസ്.എൽ.സി. റിസൾട്ട് വന്നശേഷം ഒന്നര മാസം പിന്നിട്ടിട്ടും പ്ലസ് വൺ പ്രവേശന നടപടികളിൽ ഉണ്ടായിട്ടുള്ള കാലവിളംബം പരിഹരിക്കുന്നതിനായി നിലവിൽ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ഹയർസെക്കന്ററി പരീക്ഷയും തുടർ വിദ്യാഭ്യാസവും

2659 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈവർഷം എച്ച്.എസ്.എസ്. പരീക്ഷയിൽ സ്റ്റേറ്റ് സിലബസിലും സി.ബി.എസ്.ഇ സിലബസ്സിലും കൂടി എത്ര വിദ്യാർത്ഥികൾ പാസ്സായിട്ടുണ്ട് എന്നത് വ്യക്തമാക്കാമോ;

(ബി) വിജയിച്ചു ഉന്നത പഠനം തേടുന്ന ഇത്രയും വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് അനുയോജ്യമായ സീറ്റുകൾ , കോഴ്സുകൾ സംസ്ഥാനത്തെ കലാശാലകളിൽ ഉണ്ടോ എന്നും അറിയാമോ;

(സി) പ്രസ്തുത വിഷയത്തിന്മേൽ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ഏകാദ്ധ്യാപക വിദ്യാലയങ്ങളെ എൽ. പി. സ്കൂളുകളായി ഉയർത്തൽ

2660 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.ജി.എൽ.സി.കൾ (ഏകാദ്ധ്യാപക വിദ്യാലയങ്ങൾ) എൽ.പി. സ്കൂളായി ഉയർത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇങ്ങനെ എൽ.പി. സ്കൂളായി ഉയർത്തുമ്പോൾ ദീർഘകാലമായി തുച്ഛവേതനത്തിൽ ജോലി ചെയ്യുന്ന എം.ജി.എൽ.സി യിലെ അധ്യാപകരേയും ജീവനക്കാരേയും എപ്രകാരം നിലനിർത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>സ്കൂളുകൾ തമ്മിലുള്ള ക്ലബിംഗ്</u>

2661 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾ കുറഞ്ഞ സ്കൂളുകളെ മറ്റ് ഗവൺമെന്റ് സ്കൂളുകളുമായി ക്ലബ് ചെയ്ത് പ്രവർത്തിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഏതെല്ലാം ഗവ. സ്കൂളുകളെ മറ്റ് ഏതെല്ലാം സ്കൂളുകളുമായാണ് ഈ വിധത്തിൽ ക്ലബ്ബു ചെയ്യുന്നതിന് പരിഗണനയിലുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് ജില്ല തിരിച്ച് വിശദമാക്കാമോ;

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>സ്കൂൾ വിദ്യാർത്ഥികളുടെ ഇൻഷ്വറൻസ് പദ്ധതി</u>

2662 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയ ഇൻഷ്വറൻസ് പദ്ധതി പ്രകാരം എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭ്യമായി എന്ന് വ്യക്തമാക്കാമോ;

(ബി) എത്ര വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുവാനുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>ഓപ്പൺ സ്കൂളുകൾ</u>

2663 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ സ്കൂളുകൾക്ക് സംസ്ഥാനത്ത് എവിടെയെല്ലാം സെന്ററുകളുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ ഏതെല്ലാം കോഴ്സുകൾ പഠിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) ഓപ്പൺ സ്കുളുകളുടെ പ്രവർത്തനവും നടത്തിപ്പും സംബന്ധിച്ച കാര്യങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഓരോ ജില്ലയിലും എത്രപേർ പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് കോഴ്സുകൾ തരം തിരിച്ച് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>സ്കൂൾ വിദ്യാർത്ഥികളായ അന്യസംസ്ഥാന അന്തേവാസികൾ</u>

2664 ശ്രീ. വി. ശശി.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനാഥാലയങ്ങളിലെ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള അന്തേവാസികൾ എത്ര സ്കൂളുകളിൽ വിദ്യാർത്ഥികളായി ചേർന്നിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ ചേർന്നത് വഴി എത്ര പുതിയ ബാച്ചുകൾ തുടങ്ങിയെന്ന് വെളിപ്പെടുത്തുമോ;

(ബി) അനാഥാലയങ്ങളിലെ അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള അന്തേവാസികൾ വിദ്യാർത്ഥികളായി ചേർന്നത് വഴി എത്ര സ്കൂളുകളിലെ ബാച്ചുകൾ നിലനിർത്താൻ കഴിഞ്ഞുവെന്ന് പറയാമോ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>അട്ടക്കുളങ്ങര ഗവണ്‍മെന്റ് സെന്‍ട്രല്‍ ഹൈസ്കൂള്‍ ഇടിച്ച്</u>
<u>നിരത്തി ബസ് ടെര്‍മിനല്‍ നിര്‍മ്മാണം</u>

2665 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം ജില്ലയില്‍ അട്ടക്കുളങ്ങരയില്‍ സ്ഥിതി ചെയ്യുന്ന ഗവണ്‍മെന്റ് സെന്‍ട്രല്‍ ഹൈസ്കൂള്‍ ഇടിച്ചു നിരത്തി ബസ് ടെര്‍മിനല്‍ നിര്‍മ്മിക്കാനും, ഷോപ്പിംഗ് കോംപ്ളക്സ് പണിയാനുമായി പ്രസ്തുത ഭൂമി, തിരുവനന്തപുരം വികസന അതോറിറ്റിക്കു കൈമാറാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സ്കൂള്‍ കോമ്പൗണ്ടില്‍ ഇപ്പോള്‍ മറ്റേതെങ്കിലും ഓഫീസുകള്‍ പ്രവര്‍ത്തിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കില്‍ ആയത് കേരള വിദ്യാഭ്യാസ ചട്ടങ്ങള്‍ക്ക് (കെ.ഇ.ആര്‍.) വിരുദ്ധമാണോ എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>കേന്ദ്രഗവൺമെന്റിൽ നിന്നുള്ള മദ്രസ ഫണ്ട്</u>

2666 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മദ്രസകളുടെ പഠനനിലവാരം ഉയർത്തുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും എന്ത് തുകയാണ് ധനസഹായമായി ലഭിച്ചത്;

(ബി) ഈ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണ്;

(സി) ഈ തുക വിതരണം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് ഇതിനകം ഫണ്ട് നൽകിയിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ഡി) മദ്രസകൾക്ക് പണം അനുവദിക്കുന്നതിന് എന്തെല്ലാം നിബന്ധനകൾ പാലിക്കണമെന്നാണ് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ളത്; ഫണ്ട് ലഭിക്കുന്നതിനായി സമർപ്പിക്കപ്പെട്ട ബില്ലുകൾ ഒരേ സ്ഥാപനം നൽകിയതാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) കേന്ദ്ര സർക്കാറിന്റെ നിബന്ധനകൾ പാലിക്കാത്ത മദ്രസകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ ഉച്ച ഭക്ഷണം</u>

2667 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014-15 അദ്ധ്യയന വർഷത്തിൽ സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടിയിൽ എന്തൊക്കെ മാറ്റങ്ങളാണ് നടപ്പിലാക്കുന്നത്;

(ബി) പ്രസ്തുത പരിപാടിയുടെ ഭാഗമായി ഒരു കുട്ടിയ്ക്ക് ഒരു ദിവസത്തേക്ക് നൽകി വരുന്ന തുക പൊതു മാർക്കറ്റിലെ വിലക്കയറ്റം പരിഗണിച്ച് വർദ്ധിപ്പിക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

ജില്ല - ഉപജില്ല ഓഫീസുകളിൽ നൂൺ ഫീഡിംഗ് സൂപ്പർവൈസർമാരെ നിയമിക്കൽ

2668 ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യഭ്യാസ വകുപ്പിൽ ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസുകളിൽ നൂൺ ഫീഡിംഗ് സൂപ്പർവൈസർമാരെ നിയമിക്കുന്നത് സംബന്ധിച്ച ഫയലിന്മേലുള്ള നിലവിലെ തീരുമാനങ്ങൾ എന്തെല്ലാമാണ്;

(ബി) ഇപ്രകാരം നൂൺ ഫീഡിംഗ് സൂപ്പർവൈസർമാരെ നിയമിക്കുന്ന പക്ഷം സർക്കാരിന് യാതൊരുവിധ അധിക സാമ്പത്തിക ബാധ്യതകളും ഉണ്ടാകുകയില്ല എന്ന വ്യക്തമായ റിപ്പോർട്ട് ലഭിച്ചിട്ടും ഏതെല്ലാം പ്രായോഗിക ബുദ്ധിമുട്ടുകളുടെ അടിസ്ഥാനത്തിലാണ് ഇത് നടപ്പിലാക്കാതിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പൊതുവിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച് 25 വർഷം സർവ്വീസ് പൂർത്തിയാക്കിയവർക്കുപോലും സൂപ്പർവൈസറി തസ്തികയുടെ താഴെതലത്തിലുള്ള ജൂനിയർ സൂപ്രണ്ട് തസ്തിക ലഭിക്കുന്നില്ല എന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ അടിയന്തിരമായി ഇത് നടപ്പിലാക്കുന്നതിനാവശ്യമായ ഉത്തരവുകൾ ഉണ്ടാകുമോ?

# കേരള നിയമസഭ
## 19.06.2014–ലെ മറുപടിക്ക്

<u>വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണ പദ്ധതി</u>

2669 ശ്രീ. എം. എ. വാഹീദ്
,, സണ്ണി ജോസഫ്
,, കെ. മുരളീധരൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സ്കൂൾകുട്ടികളുടെ ഉച്ചഭക്ഷണ പദ്ധതി വിപൂലീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിപുലീകരണവും പരിഷ്ക്കരണവും സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>ദരിദ്ര വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങളും പ്രോത്സാഹനവും നൽകുന്നതിനുള്ള പദ്ധതി</u>

2670 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാലയങ്ങളിൽ പഠിക്കുന്ന ദരിദ്ര വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ആനുകൂല്യങ്ങളും പ്രോത്സാഹനവും നൽകുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഇതിനായി നീക്കിവെച്ചിട്ടുള്ള തുക കഴിഞ്ഞ 3 വർഷങ്ങളിൽ പൂർണ്ണമായും ചെലവാക്കിയിട്ടുണ്ടോ; എങ്കിൽ ഓരോവർഷവും ചെലവഴിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ</u>

T2671 ശ്രീ. തോമസ് ഉണ്ണിയാടൻ
,, സി.എഫ്. തോമസ്
,, റ്റി.യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നുള്ള വീദ്യാർത്ഥികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ ഏതൊക്കെ സ്കോളർഷിപ്പുകളാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്ര ഗവൺമെന്റിൽ നിന്ന് ഈ ഇനത്തിൽ ആവശ്യമായ തുക ലഭ്യമായിരുന്നോ എന്ന് വ്യക്തമാക്കുമോ;

(സി) ലഭ്യമായ തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടോ;

(ഡി) അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകുവാൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി</u>

2672 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്കൂളുകളിലെയും കോളേജുകളിലെയും വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ലഹരി മാഫിയയെ ഇല്ലാതാക്കുന്നതിനും സ്കൂൾ കോളേജ് കാമ്പസുകളെ ലഹരിവിമുക്തമാക്കുന്നതിനും 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ്' എന്ന പദ്ധതി സർക്കാർ ആരംഭിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>സ്കൂൾ വിദ്യാർത്ഥികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം</u>

2673 ശ്രീ. വി. ശിവൻകുട്ടി
'' എസ്. രാജേന്ദ്രൻ
'' കെ. വി. വിജയദാസ്
'' കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ ലഹരിവസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിപണനവും വിതരണവും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വിദ്യാർത്ഥികൾക്ക് യഥേഷ്ടം ലഹരിവസ്തുക്കൾ ലഭ്യമാക്കുന്ന ലഹരി മാഫിയകളെ അമർച്ച ചെയ്യുന്നതിന് മറ്റ് വകുപ്പുകളുമായി ചേർന്ന് പദ്ധതി തയ്യാറാക്കുമോ;

(ഡി) ലഹരിവസ്തുക്കളുടെ ഉപയോഗത്തിനെതിരെ വിദ്യാർത്ഥികളിൽ ബോധവൽക്കരണം നടത്തുന്നതിന് രക്ഷിതാക്കൾ ഉൾപ്പെടുന്ന സമിതികൾ നിലവിലുണ്ടോ; എങ്കിൽ ഇത്തരം സമിതികളുടെ പ്രവർത്തനം ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>സ്കൂൾ കുട്ടികളെ ലഹരി പദാർത്ഥ വിൽപ്പനക്കാരിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള പദ്ധതി</u>

2674 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നുവെന്നതും, കുട്ടികൾ അതിന് ഇരകളാകുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം പ്രവണതകൾ തടഞ്ഞ് കുട്ടികളെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾ</u>

2675 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് സാങ്കേതിക പശ്ചാത്തലം ഒരുക്കിയിരിക്കുന്നത് ഏതെല്ലാം സ്കൂളുകളിലാണെന്ന് വ്യക്തമാക്കാമോ;

(ബി) 2012-13, 2013-14 അദ്ധ്യയന വർഷങ്ങളിൽ ഇത്തരം വിദ്യാർത്ഥികൾക്ക് സഹായ ഉപകരണം നൽകുന്നതിന് വൈപ്പിൻ മണ്ഡലത്തിൽ എത്ര തുക ചെലവഴിച്ചുവെന്നും ഇത് ഏത് ഏജൻസി മുഖേനയാണെന്നും വ്യക്തമാക്കാമോ;

(സി) വൈപ്പിൻ മണ്ഡലത്തിൽ ഭിന്നശേഷിയുള്ള വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിനായി എത്ര അധ്യാപകരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>സ്കൂൾ കായിക മത്സരങ്ങളിൽ വനിതാ ഫുട്ബാൾ ഉൾപ്പെടുത്താൻ നടപടി</u>

T2676 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കായിക മത്സരങ്ങളിൽ പെൺകുട്ടികൾക്കുള്ള ഒരിനമായി ഫുട്ബാൾ ഉൾപ്പെടുത്തണമെന്ന് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടതനുസരിച്ച്, അപ്രകാരം മുഖ്യമന്ത്രി ഉത്തരവ് പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ പ്രസ്തുത ഉത്തരവ് നടപ്പിലാക്കാൻ തയ്യാറാകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തു നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>വാട്ടർകണക്ഷൻ വിച്ഛേദിച്ചിട്ടുള്ള സ്കൂളുകൾ</u>

2677 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളക്കരം അടയ്ക്കാത്തതിന്റെ പേരിൽ സംസ്ഥാനത്ത് എത്ര സ്കൂളുകളുടെ വാട്ടർ കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടെന്നറിയിക്കാമോ;

(ബി) അദ്ധ്യയന വർഷം ആരംഭിച്ച ശേഷവും കണക്ഷൻ പുനസ്ഥാപിക്കാത്ത സ്കൂളുകളുണ്ടോ; വിശദമാക്കാമോ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>പാഠപുസ്തകങ്ങളുടെ അച്ചടി</u>

2678 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകത്തിന്റെ അച്ചടി പൂർത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ;

(സി) അച്ചടി കൃത്യസമയത്ത് പൂർത്തീകരിച്ച് പാഠപുസ്തകങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>സ്കൂൾ കലോത്സവം</u>

2679 ശ്രീ. കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ കലോൽസവം നടത്തിപ്പിൽ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് നടപ്പിൽ വരുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) നടപ്പുവർഷത്തെ കലോത്സവത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) കലോത്സവ ഫണ്ട് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ഹൈദർ സ്മാരക മാപ്പിള കലാപഠന കേന്ദ്രം ചെയർമാൻ നൽകിയ നിവേദനം

2680 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാപ്പിളപ്പാട്ട് സാഹിത്യത്തിലെ കുഞ്ചൻനമ്പ്യാരെന്നറിയപ്പെടുന്ന മഹാകവി പുലിക്കോട്ടിൽ ഹൈദറിനെയും അദ്ദേഹത്തിന്റെ സംഭാവനകളെയും രചിച്ച കവിതകളെയും പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ഹൈദർ സ്മാരക മാപ്പിള കലാപഠന കേന്ദ്രം ചെയർമാൻ നല്കിയ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിൻമേൽ ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>യൂണിഫോം വിതരണം</u>

2681 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അദ്ധ്യയന വർഷം സംസ്ഥാനത്തെ എത്ര ശതമാനം സ്കൂൾ വിദ്യാർത്ഥികൾക്ക് സർക്കാർ വാഗ്ദാനം നൽകിയ സ്കൂൾ യൂണിഫോം വിതരണം ചെയ്തുവെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(ബി) ഇപ്പോൾ ആരംഭിച്ച അദ്ധ്യയനവർഷത്തിൽ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം ചെയ്യുന്നതിന് എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) യൂണിഫോം വിതരണം എപ്പോൾ ആരംഭിക്കുമെന്നും പൂർത്തിയാക്കുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

<u>സൗജന്യ യൂണിഫോം വിതരണം</u>

2682 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അധ്യയന വർഷത്തെ സൗജന്യ സ്കൂൾ യൂണിഫോം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും വിതരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര സ്കൂളുകളിൽ ഇനിയും വിതരണം ചെയ്യാനുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ അധ്യയന വർഷം, മധ്യവേനൽ അവധിക്ക് സ്കൂളുകൾ അടച്ചിട്ടും ഭൂരിപക്ഷം സ്കൂളുകൾക്കും യൂണിഫോം നൽകിയില്ല എന്ന വസ്തുത സർക്കാരിന് ബോധ്യമായിട്ടുണ്ടോ;

(സി) ഈ പദ്ധതിക്കായി കഴിഞ്ഞ വർഷം എത്ര തുകയാണ് ബജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നത്; മറ്റ് ഫണ്ടുകളാണെങ്കിൽ ഫണ്ടിന്റെ പേരും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>സൗജന്യ യൂണിഫോം</u>

2683 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 അദ്ധ്യയനവർഷത്തിലെ വിദ്യാർത്ഥികൾക്കുള്ള സൗജന്യ യൂണിഫോം വിതരണം എന്നാണ് തുടങ്ങിയത്; എന്നാണ് അവസാനിച്ചത്;

(ബി) അദ്ധ്യായന വർഷ അവസാനം യൂണിഫോം ലഭിച്ചത് കൊണ്ട് വിദ്യാർത്ഥികൾക്ക് ഒരു പ്രയോജനവുമുണ്ടായില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2014-15 വർഷത്തെ സൗജന്യ യൂണിഫോം വിതരണം എന്ന് തുടങ്ങി എന്ന് പൂർത്തീകരിക്കാനാകും;

(ഡി) ഇതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; അതിന്റെ പുരോഗതി വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>സ്കൂളുകളിലെ സൗജന്യ യൂണിഫോം</u>

2684 ശ്രീ. ജയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അദ്ധ്യയന വർഷം സംസ്ഥാനത്ത് സ്കൂൾ യൂണിഫോം ലഭിക്കുന്നതിന് അർഹരായ കുട്ടികളുടെ എണ്ണമെത്ര;

(ബി) എത്ര കുട്ടികൾക്കാണ് യൂണിഫോം വിതരണം ചെയ്യാനായത്; അദ്ധ്യാന വർഷം അവസാനിച്ചശേഷം യൂണിഫോം വിതരണം നടത്തിയതിനാൽ മിക്ക കുട്ടികൾക്കും യൂണിഫോ ലഭിക്കാതെ പോയിട്ടുണ്ടോ;

(സി) ഇതിന് ആകെ എത്ര തുക ചിലവായി; ഏത് ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചത് ; യൂണിഫോം വിതരണത്തിന് വകയിരുത്തിയ ആകെ തുകയെത്ര?

## കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>സൗജന്യ സ്കൂൾ യൂണിഫോം വിതരണം</u>

2685 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അദ്ധ്യയന വർഷം സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനിടയാക്കിയ സാഹചര്യങ്ങൾ വിശദമാക്കാമോ;

(സി) അദ്ധ്യയന വർഷാരംഭത്തിൽ തന്നെ യൂണിഫോം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 19.06.2014-ലെ മറുപടിക്ക്

എസ്.എസ്.എ. വഴിയുള്ള യൂണിഫോം വിതരണം

2686 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014-15 അദ്ധ്യയന വർഷം എസ്.എസ്.എ. വഴി സ്കൂൾ കുട്ടികൾക്ക് യൂണിഫോം സൗജന്യമായി നൽകുന്ന പദ്ധതിയുടെ പുരോഗതി എന്താണ്; വിശദാംശം വ്യക്തമാക്കാമോ;

(ബി) 2014-15 അദ്ധ്യയന വർഷം എസ്.എസ്.എ. വഴി വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകുന്ന യൂണിഫോം പദ്ധതിയിൽ ഒരു കുട്ടിയ്ക്ക് എത്ര രൂപ വെച്ചാണ് അനുവദിച്ചിട്ടുള്ളത്;

(സി) 2013-14 അദ്ധ്യയന വർഷം എസ്.എസ്.എ. വഴി സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകിയിരുന്നുവോ;

(ഡി) ഇല്ലെങ്കിൽ ഈ പദ്ധതി പരാജയപ്പെടാൻ കാരണമെന്താണ്;

(ഇ) 2014-15 അദ്ധ്യയന വർഷം കുറ്റമറ്റതായ രീതിയിൽ കഴിവതും വേഗത്തിൽ സ്കൂൾ യൂണിഫോം കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>കാസര്‍ഗോഡ് ജില്ലയിലെ സ്കൂള്‍ യൂണിഫോം വിതരണം</u>

2687 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ സ്കൂള്‍ വിദ്യാര്‍ത്ഥികള്‍ക്കുള്ള യൂണിഫോം പദ്ധതിപ്രകാരം എത്ര വിദ്യാലയങ്ങള്‍ യൂണിഫോം വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാസര്‍ഗോഡ് ജില്ലയില്‍ ഇതുവരെ യൂണിഫോം വിതരണം ചെയ്യാത്ത വിദ്യാലയങ്ങള്‍ ഏതൊക്കെയെന്നും ഇവിടെ യൂണിഫോം വിതരണം ഇനിയും വൈകുന്നതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ;?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

എസ്.എസ്.എ പദ്ധതി

2688 ശ്രീ. സി. പി. മുഹമ്മദ്
,, ഐ. സി. ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പ്രാഥമിക വിദ്യാഭ്യാസ വികസനത്തിന് എത്ര തുകയ്ക്കാണ് കേന്ദ്ര സർക്കാർ ഈ വർഷം എസ്.എസ്.എ വഴി നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത തുകയുടെ സംസ്ഥാന വിഹിതം എത്രയാണ്; വിശദമാക്കുമോ;

(ഡി) സംസ്ഥാനവിഹിതം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിവഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

എസ്.എസ്.എ. ഫണ്ടിന്റെ വിശദാംശങ്ങൾ

2689 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിൽ നിന്നുമുള്ള എസ്.എസ്.എ ഫണ്ടിൽ മുൻ വർഷത്തേക്കാൾ തുക കുറഞ്ഞതിന്റെ കാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത വിഷയം പരിശോധിച്ചിട്ടുണ്ടെങ്കിൽ നടത്തിയ പരിശോധനയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) എ.എസ്.എ.പി. പദ്ധതിയിലുൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലുൾപ്പെടുത്തിയ സ്കൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന്റെ ക്ലാസ്സ് മുറികളുടെ അപര്യാപ്തത</u>

2690 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഡയറ്റ് ഹോസ്റ്റലും അധികസ്ഥലവും ആറ്റിങ്ങൽ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന്റെ ആവശ്യത്തിന് വിട്ടുകിട്ടണമെന്ന നിവേദനത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ക്ലാസ്സ് മുറികളുടെ അപര്യാപ്തതയാൽ ആറ്റിങ്ങൽ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ കുട്ടികൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്കൂളിലെ ഈ അവസ്ഥ പരിഹരിക്കുവാൻ നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>ചാലക്കുടി പ്രീ-മെട്രിക് ഗേള്‍സ് ഹോസ്റ്റലിനുള്ള കെട്ടിട നിര്‍മ്മാണം</u>

2691 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ചാലക്കുടി ഗവണ്‍മെന്റ് ഗേള്‍സ് ഹൈസ്ക്കൂളിന്റെ കൈവശമുള്ള സ്ഥലത്ത് നിന്നും പട്ടികവര്‍ഗ്ഗ വികസന വകുപ്പിനു കീഴില്‍ വരുന്ന ചാലക്കുടി പ്രീ-മെട്രിക് ഗേള്‍സ് ഹോസ്റ്റലിന് കെട്ടിടം നിര്‍മ്മിക്കുന്നതിനായി സ്ഥലം വിട്ടുകിട്ടുന്നതിനുള്ള അപേക്ഷയില്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കില്‍ ഇത് ഏതു ഘട്ടത്തിലാണ്; പ്രസ്തുത അപേക്ഷയിന്മേല്‍ അടിയന്തര നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ- കണ്ണൂർ ജില്ല</u>

2692 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പ്രകാരം 2013-2014-ൽ അടിസ്ഥാന സൗകര്യ വികസനത്തിന് കണ്ണൂർ ജില്ലയിലെ ഏതെല്ലാം സ്കൂളുകൾക്കാണ് ഫണ്ട് അനുവദിച്ചത്;

(ബി) ഓരോ സ്കൂളിനും എത്ര തുകവീതം ഏതു പദ്ധതികൾക്കു അനുവദിച്ചു നൽകി;

(സി) 2014-2015-ൽ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പ്രകാരം പശ്ചാത്തല സൗകര്യവികസനത്തിന് കണ്ണൂർ ജില്ലയിലെ ഏതെല്ലാം സ്കൂളുകളെയാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>നടക്കാവിലെ സർക്കാർ ടി.ടി.ഐ</u>

2693 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നടക്കാവിലെ സർക്കാർ ടി.ടി.ഐ. കെട്ടിടം ക്ലാസ്സുകൾ നടത്തുവാൻപോലും കഴിയാത്ത വിധം അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

പാലക്കാട് ജില്ലയിലെ സ്കൂളുകളുടെ അറ്റകുറ്റപ്പണി

2694 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ സർക്കാർ/എയിഡഡ് സ്കൂളുകളിലെ വാർഷിക അറ്റകുറ്റപണികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) അറ്റകുറ്റപണികൾ പൂർത്തീകരിക്കാത്ത സർക്കാർ/എയിഡഡ് സ്കൂളുകളുടെ എണ്ണം പ്രത്യേകം നൽകാമോ;

(സി) ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥൻമാർ ഇത്തരം വിദ്യാലയങ്ങൾ നേരിട്ടു പരിശോധന പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

സര്‍ക്കാര്‍ ഹയര്‍സെക്കന്ററി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം

2695 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ഹയര്‍ സെക്കന്ററി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2013-2014-ല്‍ എത്ര തുക നീക്കി വെക്കുകയുണ്ടായി;

(ബി) കണ്ണൂര്‍ ജില്ലയിലെ ഏതെല്ലാം സ്കൂളുകള്‍ക്ക് ഏതെല്ലാം പദ്ധതികള്‍ക്ക് തുക അനുവദിക്കുകയുണ്ടായി;

(സി) 2014-15 സര്‍ക്കാര്‍ ഹയര്‍ സെക്കന്ററി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര തുക നീക്കി വെച്ചിട്ടുണ്ട്;

(ഡി) കണ്ണൂര്‍ ജില്ലയിലെ ഏതെല്ലാം സ്കൂളുകളാണ് മുന്‍ഗണനാ പട്ടികയിലുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>പെരുമണ്ണ പഞ്ചായത്തിൽ ഹയർ സെക്കന്ററി സ്കൂൾ</u>

2696 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി സ്കൂളുകൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കോഴിക്കോട് ജില്ലയിലെ പെരുമണ്ണ പഞ്ചായത്തിൽ ഹയർ സെക്കന്ററി സ്കൂൾ നിലവിലില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇവിടെ നിലവിലുള്ള സർക്കാർ ഹൈസ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹയർ സെക്കന്ററി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

ആദിച്ചനല്ലൂർ പഞ്ചായത്ത് ഹൈസ്കൂളിൽ ഹയർ സെക്കന്ററി

2697 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഹയർസെക്കന്ററി സ്കൂളുകൾ ഇല്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ഗ്രാമപഞ്ചായത്തുകളിലാണ് ഹയർസെക്കന്ററി സ്കൂളുകൾ ഇല്ലാത്തതെന്നും പ്രസ്തുത ഗ്രാമപഞ്ചായത്തുകൾ ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ;

(ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂളിൽ ഹയർ സെക്കന്ററി സ്കൂൾ അനുവദിക്കണമെന്ന അപേക്ഷ ഗവൺമെന്റ് പരിഗണിച്ചിരുന്നുവോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>കണ്ണൂരിൽ പ്ലസ്ടു അധികബാച്ചുകൾ അനുവദിക്കൽ</u>

2698 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലസ്ടു അധിക ബാച്ചുകൾ അനുവദിക്കുന്നതിന് കണ്ണൂരിൽ നിന്നും എത്ര സ്കൂളുകളാണ് അപേക്ഷ നൽകിയിട്ടുള്ളത്; ഏതെല്ലാം സ്കൂളുകൾ;

(ബി) കണ്ണൂർ ജില്ലയിലെ ഏതെല്ലാം സ്കൂളുകൾക്ക് പ്ലസ്ടു അധിക ബാച്ചുകൾ അനുവദിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) ഓരോ സ്കൂളിനും ഏതു വിഷയത്തിലാണ് അധിക ബാച്ചുകൾ അനുവദിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>പ്ലസ് ടുവിന് അധികബാച്ചുകൾ അനുവദിക്കൽ</u>

2699 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലസ് ടു അധികബാച്ചുകൾ അനുവദിക്കുന്നതിനുള്ള ആകെ എത്ര സ്കൂളുകളുടെ അപേക്ഷ ലഭിക്കുകയുണ്ടായി;

(ബി) ഗവൺമെന്റ് സ്കൂളുകൾ എത്ര; എയ്ഡഡ് സ്കൂളുകൾ എത്ര;

(സി) എത്ര സ്കൂളുകൾക്ക് അധികബാച്ച് അനുവദിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഡി) ഗവൺമെന്റ് സ്കൂളുകൾ എത്ര; എയ്ഡഡ് സ്കൂളുകൾ എത്ര;

(ഇ) ഓരോ അധികബാച്ചിനും എത്ര പുതിയ തസ്തികകൾ അനുവദിക്കേണ്ടി വരും എന്നാണ് വിലയിരുത്തുന്നത്;

(എഫ്) പ്രസ്തുത തസ്തികകളും അനുവദിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ?

**കേരള നിയമസഭ**
**19.06.2014-ലെ മറുപടിക്ക്**

<u>പട്ടാര്യസമാജം എച്ച്.എസ്. പള്ളിപ്പുറം സ്കൂളിൽ പ്ലസ് ടു അനുവദിക്കൽ</u>

2700 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രമുഖ പിന്നോക്ക സമുദായമായ പട്ടാര്യസമുദായത്തിന്റെ മാനേജ്മെന്റിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏക വിദ്യാലയമായ പട്ടാര്യസമാജം ഹൈസ്കൂൾ പള്ളിപ്പുറത്തിന് പ്ലസ് ടു അനുവദിക്കുന്നതിനുള്ള അപേക്ഷയിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് പ്ലസ് ടു അടിയന്തിരമായി അനുവദിക്കുമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>അരൂര്‍ മണ്ഡലത്തിലെ പ്ലസ് ടു സ്കൂളുകളിലെ അധിക ബാച്ചുകള്‍</u>

2701 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

അരൂര്‍ മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിലാണ് പ്ലസ്ടുവിന് അധിക ബാച്ചുകള്‍ അനുവദിച്ചിട്ടുള്ളത്; ഏതൊക്കെ വിഷയങ്ങള്‍ അനുവദിച്ചുവെന്നു സ്കൂള്‍ തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2014-ലെ മറുപടിക്ക്

<u>ചാലക്കുടി മണ്ഡലത്തിലെ സ്കൂളുകളിൽ +2 കോഴ്സുകൾ</u>

